**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2379

13.02.2013 ൽ മറുപടിയ്ക്ക്

**ജില്ലാ സഹകരണബാങ്കുകളിലെ തിരഞ്ഞെടുപ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നല്ല നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണം പിടിച്ചെടുക്കുവാൻ പ്രവർത്തനമില്ലാത്തതും രജിസ്റ്റർ ചെയ്തതുമായ രണ്ടായിരത്തിലേറെ കടലാസ് സംഘങ്ങളെ വോട്ടർ പട്ടികയിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കോടതി വിധിയും സഹകരണ ചട്ടങ്ങളും മറികടന്ന് നൂറുകണക്കിന് സംഘങ്ങളെ പുറന്തള്ളിയതായി മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇല്ല. |
| (സി) 14 ജില്ലാബാങ്കുകളിലുമായി എത്ര സംഘങ്ങൾക്കാണ് സംസ്ഥാനത്ത് ഇപ്പോൾ വോട്ടവകാശം | (സി) 14 ജില്ലാബാങ്കുകളിലുമായി ഇപ്പോൾ വോട്ടവകാശം ലഭിച്ചിട്ടുള്ളതും നേരത്തെ വോട്ടവകാശം ഉണ്ടായിരുന്നതുമായ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

നൽകിയിരിക്കുന്നത്;
നേരത്തെ എത്ര പ്രാഥമിക സംഘങ്ങൾക്കാണ് വോട്ടവകാശം ഉണ്ടായിരുന്നത്; വിശദമാക്കുമോ;

| ജില്ല | ഇപ്പോൾ വോട്ടവകാശം ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ എണ്ണം | മുൻപ് വോട്ടവകാശമുണ്ടായിരുന്ന സംഘങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 1574 | 121 |
| കൊല്ലം | 975 | 128 |
| പത്തനംതിട്ട | 468 | 107 |
| ആലപ്പുഴ | 1131 | 184 |
| കോട്ടയം | 814 | 147 |
| ഇടുക്കി | 480 | 74 |
| എറണാകുളം | 728 | 163 |
| തൃശ്ശൂർ | 884 | 161 |
| പാലക്കാട് | 543 | 99 |
| മലപ്പുറം | 308 | 127 |
| കോഴിക്കോട് | 593 | 111 |
| വയനാട് | 241 | 32 |
| കണ്ണൂർ | 1267 | 142 |
| കാസർഗോഡ് | 451 | 65 |

(ഡി) നിലവിലെ ബൈലോ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ തിരഞ്ഞെടുപ്പ് നടത്തിയാൽ എൽ.ഡി.എഫ്. ഭരണസമിതി അധികാരത്തിൽ വരുന്നത് ഒഴിവാക്കാൻ 2012 ഡിസംബർ 7, 9 തീയതികളിൽ ജില്ലാ ബാങ്ക് ജനറൽ ബോഡികൾ ബൈലോ ഭേദഗതി ചെയ്തതായി രേഖ ഉണ്ടാക്കിയത് സംബന്ധിച്ച ആരോപണം

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രദ്ധയിൽപ്പെട്ടുവോ;
വിശദമാക്കുമോ;

| | | | |
|---|---|---|---|
| (ഇ) | റിസർവ്വ് ബാങ്ക് നിയോഗിച്ച നബാർഡ് ചെയർമാൻ പ്രകാശ് ബക്ഷി അധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ട് കേരളത്തിലെ സഹകരണ ബാങ്കിങ് മേഖലയെ തകർക്കാനേ ഉപകരിക്കൂ എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ ലിസ്റ്റ് II ലെ 32-ാം എൻട്രി പ്രകാരം സഹകരണം എന്നത് സംസ്ഥാന വിഷയമാണ്. ത്രിതല വായ്പാ മേഖലയുടെ ഘടനയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാനുള്ള അധികാരം അതാതു സംസ്ഥാനങ്ങൾക്കാണ്. ടി അധികാരം റിസർവ് ബാങ്ക് നിയോഗിച്ച ഒരു കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനങ്ങളുമായി ആലോചിക്കാതെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് ശരിയായ നടപടിയല്ല എന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ